REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-01-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ 12,200 കോടിയിലേറെ രൂപയുടെ വികസന പദ്ധതികൾക്ക് അല്പസമയത്തിനകം തുടക്കമിടും.**
- **63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കണ്ണൂരിന്റെ മുന്നേറ്റം തുടരുന്നു. തൊട്ടുപിന്നിൽ തൃശ്ശൂരും കോഴിക്കോടും.**
- **ചൈനയിലെ HMP വൈറസ് വ്യാപനം കേന്ദ്രഗവൺമെന്റ് സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് ആരോഗ്യ മന്ത്രാലയം.**
- **KSRTC-യുടെ കർണാടക സർവീസുകളിൽ ടിക്കറ്റ് നിരക്ക് വർധന പ്രാബല്യത്തിൽ വന്നു.**
- **ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് സീസൺ നാല് ഇന്ന് സമാപിക്കും.**
- **ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗവാസ്കർ ട്രോഫി ടെസ്റ്റ് പരമ്പര ഓസ്ട്രേലിയക്ക്.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ ഇന്ന് 12,200 കോടിയിലേറെ രൂപയുടെ വികസന പദ്ധതികൾക്ക് അല്പസമയത്തിനകം തുടക്കമിടും. പൂർത്തീകരിച്ച പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി വിവിധ പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്യും. ഡൽഹി - ഗാസിയാബാദ് - മീററ്റ് നമോ ഭാരത് ഇടനാഴി ഉദ്ഘാടനം ചെയ്യുന്ന അദ്ദേഹം നമോ ഭാരത് ട്രെയിനിലും

യാത്ര ചെയ്യും. ഡൽഹി മെട്രോ നാലാം ഘട്ടത്തിലെ ജനക്പുരി- കൃഷ്ണ പാർക്ക് പാതയും മോദി നാടിന് സമർപ്പിക്കും.

ന്യൂഡൽഹിയിലെ രോഹിണിയിൽ സെൻട്രൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിടത്തിനും നരേന്ദ്രമോദി തറക്കല്ലിടും.

ഡൽഹിയിൽ നമോ ഭാരത് ട്രെയിൻ സർവീസ് ആരംഭിക്കുന്നതോടെ ദേശീയ തലസ്ഥാനത്തെ യാത്രക്കാർക്ക് ഗതാഗത സൗകര്യം ലഭ്യമാകുമെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. പ്രാദേശിക ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കേന്ദ്രം പ്രതിജ്ഞാ ബദ്ധമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

✪✪✪

പുതിയ ഡിജിറ്റൽ വ്യക്തി വിവര സംരക്ഷണ നിയമം 2025 ന്റെ കരടിൽ പൗരന്മാരുടെ വിവരങ്ങൾ സംരക്ഷിക്കാനും, അവരുടെ അവകാശങ്ങൾ സുരക്ഷിതമാക്കാനും വ്യവസ്ഥകൾ ഉണ്ടെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് വ്യക്തമാക്കി. കരട് ചട്ടങ്ങളിൽ മൂന്ന് പ്രധാന വ്യവസ്ഥകൾ ഇതിനായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ആകാശവാണിക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ കേന്ദ്രമന്ത്രി അറിയിച്ചു.

✪✪✪

തിരുവനന്തപുരത്ത് 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിലെ രണ്ടാം ദിവസത്തെ മത്സരങ്ങൾപുരോഗമിക്കുന്നു. രാവിലെ ഒമ്പതരയ്ക്ക് മത്സരങ്ങൾ തുടങ്ങി. 60 ഓളം ഇനങ്ങൾ 25 വേദികളിൽ ഇന്ന് അരങ്ങേറും.

ഡെസ്ക് റിപ്പോർട്ട്.

..........വോയ്സ്...........

കലോത്സവത്തിൽ കണ്ണൂർ ജില്ലയുടെ മുന്നേറ്റം തുടരുകയാണ്. 225 പോയിന്റ് നേടിയ അവർക്ക് പിന്നിൽ 224 പോയിന്റുമായി തൃശൂരും, കോഴിക്കോടും ഒപ്പത്തിനൊപ്പമുണ്ട്.

സ്കൂൾ വിഭാഗത്തിൽ 43 പോയിന്റോടെ തിരുവനന്തപുരം വഴുതക്കാട് കാർമൽ ഹയർസെക്കന്ററി സ്കൂളാണ് മുന്നിൽ. രണ്ടാം സ്ഥാനത്ത് കണ്ണൂർ സെന്റ്തെരേസാസ് ഹയർസെക്കൻഡറി 41 പോയിന്റ്.

നാടക മത്സരം മൂന്നാം വേദിയായ ടാഗോർ തിയേറ്ററിൽ തുടരുകയാണ്. മോഹിനിയാട്ടം, ഒപ്പന, നാടോടി നൃത്തം, തിരുവാതിര, കേരള നടനം. ഓട്ടൻ തുള്ളൽ തുടങ്ങിയ ജനപ്രിയ ഇനങ്ങളാണ് ഇന്ന് വേദിയിലെത്തുന്നത്. അവധി ദിനമായതിനാൽ നൂറുകണക്കിനാളുകൾ കലോത്സവം കാണാനെത്തിയിട്ടുണ്ട്.

✪✪✪

മലപ്പുറം കരുളായിയിൽ കാട്ടാന ആക്രമണത്തിൽ മരിച്ച പൂച്ചപ്പാറ കോളനിയിലെ മണിയുടെ കുടുംബത്തിന് പത്ത് ലക്ഷം രൂപ ഉടൻ നൽകുമെന്ന് വയനാട് DFO അറിയിച്ചു. ഇന്നലെ വൈകിട്ടാണ് മണിയെ കാട്ടാന ആക്രമിച്ചത്. ഇതിൽ അഞ്ച് ലക്ഷം രൂപ ഇന്ന് തന്നെ കൈമാറിയേക്കും.

അതിനിടെ, മണിയുടെ പോസ്റ്റ്മോർട്ടം നടപടി വൈകിപ്പിച്ചെന്ന് ആരോപിച്ച് PV അൻവർ MLA യുടെ നേതൃത്വത്തിൽ നിലമ്പൂർ DFO ഓഫീസിലേക്ക് ഒരു വിഭാഗം ആളുകൾ പ്രതിഷേധ മാർച്ച് നടത്തി. ഇവർ DFO ഓഫീസ് അടിച്ചു തകർത്തു.

✪✪✪

തരിശു നിലങ്ങൾ മുഴുവൻ പ്രയോജനപ്പെടുത്തി കൃഷിസമൃദ്ധി പദ്ധതി നടപ്പാക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. തൃത്താലയിൽ പദ്ധതിയുടെ ആലോചനാ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കാർഷികോത്പന്നങ്ങളുടെ വിപണനവും മൂല്യവർധനവും കണ്ടറിഞ്ഞ് പ്രാദേശിക തലത്തിൽ കൃഷി ആസൂത്രണം ചെയ്തു നടപ്പാക്കുന്ന പദ്ധതിയാണിത്. തദ്ദേശ സ്ഥാപനങ്ങൾ, സഹകരണ മേഖല എന്നിവയുമായി കൈകോർത്താണ് പദ്ധതി നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

UDF വിപുലീകരണം ആവശ്യമാണെന്ന് മുതിർന്ന കോൺഗ്രസ്സ് നേതാവ് K മുരളീധരൻ അഭിപ്രായപ്പെട്ടു. മുന്നണി വിട്ടുപോയ കേരള കോൺഗ്രസ്സിനെ മുന്നണിയിൽ തിരികെ കൊണ്ടുവരണമെന്നും മുരളീധരൻ കോഴിക്കോട്ട് പറഞ്ഞു. കോൺഗ്രസ്സിലെ മുഖ്യമന്ത്രി സ്ഥാനത്തെക്കുറിച്ച് ചർച്ച നടത്തേണ്ട സാഹചര്യം ഇപ്പോഴില്ലെന്നും ഭൂരിപക്ഷം കിട്ടുമ്പോൾ നിയമസഭാ കക്ഷിയോഗമാണ് ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടതെന്നും മുരളീധരൻ വ്യക്തമാക്കി.

✪✪✪

പെരിയ ഇരട്ടകൊലക്കേസിലെ കുറ്റവാളികളായ ഒൻപതു പേരെ കണ്ണൂരിലേയ്ക്ക് കൊണ്ടുപോയി. വിയ്യൂർ അതീവ സുരക്ഷാ ജയിലിൽ നിന്നാണ് കണ്ണൂർ സെൻട്രൽ ജയിലിലേക്ക് അവരെ മാറ്റിയത്. കോടതി നിർദേശ പ്രകാരമാണ് ജയിൽ മാറ്റമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

HMP വൈറസിന്റെ വ്യാപനത്തെക്കുറിച്ച് ലഭ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും ഗവണ്മെന്റ് സൂക്ഷ്മമമായി നിരീക്ഷിച്ചു വരികയാണെന്ന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ സംയുക്ത നിരീക്ഷണ സമിതി ന്യൂഡൽഹിയിൽ അറിയിച്ചു.

കഴിഞ്ഞ കുറച്ച് ആഴ്ചകളായി ചൈനയിൽ വർദ്ധിച്ചു വരുന്ന ശ്വാസകോശ സംബന്ധമായ അസുഖങ്ങളെക്കുറിച്ച് സമയബന്ധിതമായ വിവരങ്ങൾ പങ്കിടാൻ ലോകാരോഗ്യ സംഘടനയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വൈറസുകൾ ഇതിനകം തന്നെ ഇന്ത്യയുൾപ്പെടെ ആഗോളതലത്തിൽ വ്യാപിച്ചുകഴിഞ്ഞതായി സമിതി വിലയിരുത്തി.

✪✪✪

കേന്ദ്ര ഗവൺമെന്റ് പുതിയ വിദ്യാഭ്യാസ നയത്തിൽ മാതൃഭാഷയ്ക്ക് പ്രഥമ പരിഗണന നൽകുന്നുണ്ടെന്ന് കേന്ദ്രമന്ത്രി G കിഷൻ റെഡ്ഡി പറഞ്ഞു. മാതൃഭാഷകൾ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്ന് അദ്ദേഹം ഹൈദരാബാദിൽ പറഞ്ഞു.

✪✪✪

KSRTC യുടെ കർണാടക സർവീസുകളിൽ  ടിക്കറ്റ് നിരക്ക് വർധന ഇന്ന് പ്രാബല്യത്തിൽ വന്നു. കർണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ടിക്കറ്റ് നിരക്ക് വർധിപ്പിച്ച സാഹചര്യത്തിലാണ് നടപടി. അന്തർ സംസ്ഥാന കരാർ പ്രകാരം ടിക്കറ്റ് നിരക്കുകൾ ഏകീകൃതമായിരിക്കണമെന്ന് ഇരു സംസ്ഥാനങ്ങളും ധാരണയുണ്ട്.

✪✪✪

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് സീസൺ നാല് ഇന്ന് സമാപിക്കും. സമാപന ഘോഷയാത്ര  വൈകിട്ട് ആരംഭിക്കും.  പ്രധാന വേദിയായ മറീന ബീച്ചിൽ  സമാപന സമ്മേളനം മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര താരങ്ങളായ ബേസിൽ ജോസഫ്, സൗബിൻ ഷാഹിർ എന്നിവർ ചടങ്ങിൽ വിശിഷ്ട അതിഥികളാകും.

ജല സാഹസിക കായിക മത്സരങ്ങളും, ആകാശ വിസ്മയങ്ങളും പ്രദർശനങ്ങളും സംഗീത പരിപാടികളും  കാണാൻ ആദ്യദിവസമായ ഇന്നലെ ആയിരങ്ങൾ എത്തിയിരുന്നു.

✪✪✪

ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗവാസ്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റ് പരമ്പര ഓസ്ട്രേലിയ സ്വന്തമാക്കി. ഇന്ന്  സിഡ്നിയിൽ അഞ്ചാം ടെസ്റ്റിൽ ആറ്

വിക്കറ്റിന് ഓസ്ട്രേലിയ ഇന്ത്യയെ പരാജയപ്പെടുത്തി. അഞ്ച് ടെസ്റ്റുകളുടെ പരമ്പര 3-1നാണ് അവർ സ്വന്തമാക്കിയത്. മൂന്നാം ദിവസം 162 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഓസീസ് 4 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യത്തിലെത്തി.

10 വർഷത്തിന് ശേഷമാണ് ബോർഡർ ഗവാസ്കർ ട്രോഫി ഓസ്ട്രേലിയ നേടുന്നത്. തോൽവിയോടെ ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ ഫൈനലിൽ എത്താമെന്ന ഇന്ത്യയുടെ നേരിയ പ്രതീക്ഷയും അവസാനിച്ചു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, പഞ്ചാബ് FC യെ നേരിടും. വൈകീട്ട് 7.30 ന് ഡൽഹിയിലാണ് മത്സരം.

ഇന്നലെ ഭുവനേശ്വറിൽ FC ഗോവ, ഒഡീഷ FC യെ രണ്ടിനെതിരെ നാല് ഗോളിന് തോൽപ്പിച്ചു. ജംഷഡ്പൂരിൽ ബംഗലൂരു FC യെ, ജംഷഡ്പൂർ FC, ഒന്നിനെതിരെ രണ്ടു ഗോളിനും പരാജയപ്പെടുത്തി.

✪✪✪

സംസ്ഥാന യുവജന കമ്മീഷൻ കണ്ണൂരിൽ സംഘടിപ്പിച്ച സംസ്ഥാനതല ചെസ്സ് മത്സരത്തിൽ തൃശ്ശൂർ പൂച്ചുണ്ണിപാടം സ്വദേശി K.B അനൂപ് ജേതാവായി. കാസർകോട്ടെ P.ജയകൃഷ്ണൻ രണ്ടാം സ്ഥാനവും, കണ്ണൂരിലെ P.S-സോനുമോൻ മൂന്നാം സ്ഥാനവും നേടി.

ഈ മാസം 15 ന് തിരുവനന്തപുരത്ത് സമ്മാനങ്ങൾ വിതരണം ചെയ്യും.

✪✪✪

സനാതന ധർമ്മത്തെ അവഹേളിക്കുന്നതിൽ നിന്ന് മുഖ്യമന്ത്രി പിന്തിരിയണമെന്ന് മുൻ കേന്ദ്രമന്ത്രിയും BJP നേതാവുമായ V മുരളീധരൻ ആവശ്യപ്പെട്ടു. ശബരിമലയിൽ ആചാര ലംഘനത്തിന് കൂട്ടുനിന്ന മാനസികാവസ്ഥയാണ് ഇടത് ഗവൺമെന്റ് ഇപ്പോഴും വെച്ചുപുലർത്തുന്നതെന്ന് അദ്ദേഹം കൊച്ചിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

ഷർട്ട് ധരിക്കാതെ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നത്, പ്രതിഷ്ഠയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി നിശ്ചയിച്ച കാര്യമാണെന്ന് മുരളീധരൻ അഭിപ്രായപ്പെട്ടു.

✪✪✪

ശബരിമലയിൽ വർദ്ധിച്ചു വരുന്ന തിരക്കിലും അയ്യപ്പ ഭക്തർക്ക് ദർശനം സുഗമമായി നടത്താൻ സാധിക്കുന്നുണ്ടെന്ന് ശബരിമല സ്പെഷ്യൽ ഓഫീസർ S.മധുസൂദനൻ അറിയിച്ചു. നിലവിൽ അയ്യപ്പഭക്തർക്ക് 20 മിനിറ്റ് മുതൽ

അരമണിക്കൂറിൽ കൂടുതൽ ക്യൂ നിൽക്കേണ്ടതായി വന്നിട്ടില്ലെന്നും പരാതിരഹിതമായാണ് പൊലീസ് സംവിധാനം പ്രവർത്തിച്ചതെന്നും സ്പെഷ്യൽ ഓഫീസർ പറഞ്ഞു.

മകരവിളക്കിനോട് അനുബന്ധിച്ച ദിവസങ്ങളിൽ ഈ സംവിധാനങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നത് വേണ്ടിവന്നാൽ പരിഗണിക്കും.

✪✪✪

കൊല്ലം ചടയമംഗലത്ത് ശബരിമല തീർത്ഥാടകർ സഞ്ചരിച്ച കാറും, ടൂറിസ്റ്റ് ബസ്സും കൂട്ടിയിടിച്ച് രണ്ട് പേർ മരിച്ചു. രണ്ടു കുട്ടികളടക്കം മൂന്ന് പേർ ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്.

കന്യാകുമാരി സ്വദേശികളായ ശരവണൻ, ഷണ്മുഖൻ എന്നിവരാണ് മരിച്ചത്. അർദ്ധരാത്രിയോടെയായിരുന്നു അപകടം.

✪✪✪

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ അന്തർദേശീയ നിലവാരത്തോടെ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും സംസ്ഥാന ഗവൺമെന്റ് ഒരുക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. തൃശൂർ അടാട്ട് ഗ്രാമ പഞ്ചായത്തിലെ ചൂരക്കാട്ടുക്കര ഗവ. UP സ്കൂളിൽ വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച പുതിയ കെട്ടിടം  ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

പത്തനംതിട്ട ജില്ലാ കഥകളി ക്ലബിന്റെ നേതൃത്വത്തിൽ 18-ാമത് കഥകളി മേളയ്ക്ക് നാളെ തുടക്കമാകും. അയിരൂർ കഥകളി ഗ്രാമത്തിൽ ചെറുകോൽപ്പുഴ പമ്പാ മണൽപ്പുറത്തെ ശ്രീവിദ്യാധി രാജ നഗറിൽ മേള സാഹിത്യകാരൻ ഡോ.ജോർജ്ജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യും. എല്ലാ ദിവസവും മേജർസെറ്റ് കഥകളിയും പാഠ്യ കളരിയും നടത്തും. ഈ മാസം 12 ന് സമാപന സമ്മേളനം മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്യും.

✪✪✪

കേരളത്തിലെ  കാഴ്ചയില്ലാത്തവർക്ക് UD ID കാർഡ് സഹിതം അപേക്ഷ നൽകിയാൽ ബ്രെയിൽ കലണ്ടർ വിതരണം ചെയ്യുമെന്ന് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് അറിയിച്ചു. ഇന്നലെ തിരുവനന്തപുരത്ത് അന്ധക്ഷേമ പക്ഷാചരണം KFB സംസ്ഥാന ജനറൽ സെക്രട്ടറി KM അബ്ദുൽഹക്കീം ഉദ്ഘാടനം ചെയ്തു.

✪✪✪

ആയിരത്തിലേറെ ക്രിസ്മസ് പാപ്പമാരെ പങ്കെടുപ്പിച്ച് കോഴിക്കോട് രൂപത സംഘടിപ്പിച്ച പ്രഥമ 'ഫെലിക്സ് നതാലിസ്' മഹാക്രിസ്തുമസ് ഘോഷയാത്ര ഇന്നലെ വൈകിട്ട് ബീച്ച് ഫ്രീഡം സ്ക്വയറിൽ സമാപിച്ചു. സെന്റ് ജോസഫ് ദേവാലയ അങ്കണത്തിൽ, കോഴിക്കോട് രൂപത അധ്യക്ഷൻ വർഗീസ് ചക്കാലയ്ക്കൽ സമാധാനത്തിന്റെ സന്ദേശമായ പ്രാവുകളെ പറപ്പിച്ചാണ് ഘോഷയാത്രയ്ക്കു തുടക്കം കുറിച്ചത്.

✪✪✪

*News Editor : വി.കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader: അനുഷ ആത്മപ്രകാശ്*
*DEO:സുബോധ് സി കെ*